പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2258 27-10-2026-ൽ മറുപടിയ്ക്ക്

കൊഴിഞ്ഞാമ്പാറ – നാട്ടുകൽ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണവും തസ്തിക സൃഷ്ടിക്കലും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. സുമേഷ് അച്യുതൻ	ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിലെ കൊഴിഞ്ഞാമ്പാറ-നാട്ടുകൽ കേന്ദ്രമായി പുതിയ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 2011-16 കാലയളവിലെ സർക്കാർ ആരംഭിച്ച പ്രാരംഭ നടപടികൾക്ക് ശേഷം കഴിഞ്ഞ പത്തുവർഷകാലയളവിലെ സർക്കാരുകൾ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: ചിറ്റൂർ താലൂക്കിലെ നാട്ടുകാൽ എന്ന സ്ഥലത്ത് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി നല്ലേപ്പിള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 37-ൽ 84 സെന്റ് സ്ഥലം ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് വകുപ്പിന്റെ പേരിൽ സബ് ഡിവിഷൻ ചെയ്ത് ഉത്തരവായിട്ടുണ്ട്. എന്നാൽ, നിലവിൽ തത്വത്തിൽ അനുമതി നൽകിയിട്ടുള്ള ഫയർ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചതിനുശേഷം മാത്രമേ പുതിയ ഫയർ സ്റ്റേഷനുകൾക്ക് അനുമതി നൽകാൻ സാധിക്കുകയുള്ളൂ എന്ന് സർക്കാർ തീരുമാനം കൈക്കൊണ്ടിരുന്നതിനാൽ, തുടർ നടപടികൾ സ്വീകരിച്ചിരുന്നില്ല. 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II -ലെ, ഭരണാനുമതി ലഭിക്കാത്ത മരാമത്ത് പണികളുടെ പട്ടികയിൽ ക്രമ നമ്പർ-1495-ൽ കൊഴിഞ്ഞാമ്പാറ ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി 100 രൂപ ടോക്കൺ തുകയായി വകയിരുത്തിക്കൊണ്ട് ആകെ 5 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം അഗ്നിശമന സേനയുടെ പേരിൽ കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്ഥലം കൈമാറിയത് ആരാണെന്നും സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയാണെന്നും സൗജന്യമായാണോ സ്ഥലം കൈമാറിയതെന്നും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

മറുപടി: ഉണ്ട്. മുൻ എം.എൽ.എ. ശ്രീ. അച്യുതൻ സൗജന്യമായി വിട്ടുനൽകിയ 84 സെന്റ് സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി ലഭ്യമായിട്ടുണ്ട്.

(സി) പുതിയ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനുകളിലേക്ക് മറ്റ് സ്റ്റേഷനുകളിൽനിന്ന് ഉദ്യോഗസ്ഥരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കുന്നത് നിലവിലുള്ള സ്റ്റേഷനുകളുടെ പ്രവർത്തനത്തെയും ജീവനക്കാരെയും പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> ഫയർ സ്റ്റേഷനുകളുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കാത്ത വിധത്തിലും, ജീവനക്കാരുടെ സമ്മതപ്രകാരവുമാണ് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജീവനക്കാരെ നിയോഗിച്ചുവരുന്നത്.

(ഡി) പുതിയതായി അനുവദിച്ച/അനുവദിക്കുന്ന സ്റ്റേഷനുകളിലെ പ്രതിസന്ധി ഒഴിവാക്കുന്നതിനായി താൽക്കാലിക ക്രമീകരണങ്ങൾക്ക് പകരം അടിയന്തരമായി പുതിയ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> പുതുതായി അനുവദിക്കുന്ന ഫയർ സ്റ്റേഷനുകളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ